ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.06.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. നീതി ആയോഗിന്റെ 11-ാമത് ഭരണ സമിതി യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അധ്യക്ഷത വഹിക്കും.

   **Prime Minister Narendra Modi will chair the 11th Governing Council Meeting of NITI Aayog in New Delhi today.**

2. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ബൾഗേറിയ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപര പങ്കാളിത്തം ശക്തിപ്പെടുത്താൻ ധാരണ.

   **External Affairs Minister S. Jaishankar met the Prime Minister of Bulgaria. They agreed to strengthen the strategic partnership between the two countries.**

3. യാത്രക്കാരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി രാജ്യവ്യാപകമായി റെയിൽവേ സ്റ്റേഷനുകളിൽ അഗ്നി സുരക്ഷാ ഓഡിറ്റുകൾ ആരംഭിച്ച് ഇന്ത്യൻ റെയിൽവേ.

   **Indian Railways has taken a major step to enhance passenger safety by launching nationwide fire safety audits at railway stations.**

4. കോഴിക്കോട് നിപ രോഗലക്ഷണങ്ങളോടെ ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ച സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി. സ്ഥിതിഗതികൾ വിലയിരുത്താൻ മന്ത്രി കെ.മുരളീധരൻറെ നേതൃത്വത്തിൽ ഇന്ന് അടിയന്തിര ഉന്നതതലയോഗം.

   **Kozhikode has been put on high alert after a person was admitted to the hospital with Nipah symptoms. An emergency high-level meeting will be held today under the chairmanship of Minister K. Muraleedharan to assess the situation.**

5. കേരളത്തിൽ വരും ദിവസങ്ങളിലും ശക്തമായ മഴ തുടരും. ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

   **Heavy rain will continue in Kerala . Orange alert in Idukki, Ernakulam and Thrissur districts today. Fishing banned on the Kerala-Karnataka-Lakshdeep coasts**

6. കായിക പ്രേമികളുടെ കാത്തിരിപ്പിന് വിരാമമിട്ട് ഫിഫ ലോകകപ്പ് ഫുട്ബോളിന് ഇന്ന് കിക്കോഫ്.

   **The FIFA World Cup to kick off today.**

**PM-NITI AAYOG**

ഇന്ന് ന്യൂഡൽഹിയിൽ നടക്കുന്ന നീതി ആയോഗിന്റെ 11-ാമത് ഭരണ സമിതി യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിക്കും. ***'വികസിത ഭാരതം 2047 നായി***

***എല്ലാവരെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള മാനവ വികസനം'*** എന്നതാണ് ഈ വർഷത്തെ പ്രമേയം. പ്രായം, പ്രദേശം, ലിംഗം സാമൂഹിക-സാമ്പത്തിക പശ്ചാത്തലം എന്നിവ പരിഗണിക്കാതെ ഓരോ ഇന്ത്യക്കാരന്റെയും ക്ഷേമത്തിലും വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. ഇതിനായുള്ള വിവിധ മേഖലകൾ സംബന്ധിച്ച് കൗൺസിൽ യോഗം ചർച്ച ചെയ്യും.

## PM NDA MEETING (INTRO)

രാജ്യത്തെ 140 കോടി ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ ദേശീയ ജനാധിപത്യ സഖ്യത്തിന്റെ കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. എൻഡിഎ സർക്കാരിന്റെ 12 വർഷത്തെ ഭരണം, രാജ്യത്തെ 25 കോടിയിലധികം ജനങ്ങളെ ദാരിദ്ര്യ മുക്തമാക്കാൻ സഹായിച്ചതായി അദ്ദേഹം പറഞ്ഞു.

(വോയിസ് )

## PM WISHES

തുടർച്ചയായി ഏറ്റവും കൂടുതൽ കാലം രാജ്യം ഭരിച്ച തിരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രിയെന്ന നേട്ടം കൈവരിച്ചതിന് അഭിനന്ദനം അറിയിച്ച ലോക നേതാക്കൾക്ക് നന്ദി അറിയിച്ച്

പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി, മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം, ജർമ്മൻ ഫെഡറൽ ചാൻസലർ ഫ്രെഡറിക് മെർസ്, കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി, ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു തുടങ്ങി ആശംസ അറിയിച്ച എല്ലാ നേതാക്കൾക്കും നന്ദി അറിയിക്കുന്നതായി അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## JAISHANKAR BULGARIA VISIT

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇന്നലെ സോഫിയയിൽ ബൾഗേറിയ പ്രധാനമന്ത്രി റുമെൻ റാദേവുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയുടെ ശക്തമായ ഉഭയകക്ഷി ബന്ധങ്ങൾ, ഇന്ത്യ-ബൾഗേറിയ തന്ത്രപരമായ പങ്കാളിത്തം തുടങ്ങിയവ ചർച്ച ചെയ്തു. വ്യാപാരം, നിക്ഷേപം, ഫാർമ, സെമികണ്ടക്ടറുകൾ, എ ഐ, എന്നിവ ഉൾപ്പെടെയുള്ള മേഖലയിൽ സഹകരണം ആഴത്തിലാക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തതായി ശ്രീ ജയ്ശങ്കർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. കുൽത്താരന്ത സംഭാഷണങ്ങളുടെ 14-ാമത് പതിപ്പിൽ പങ്കെടുക്കാൻ അദ്ദേഹം ഇന്ന് ഫിൻലാൻഡിലെത്തും.

❁❁❁❁❁❁❁❁❁❁❁❁❁

## SANGEET NATAK AKADEMI

സാംസ്കാരിക മന്ത്രാലയം 2024, 2025 വർഷങ്ങളിലെ സംഗീത നാടക അക്കാദമി ഫെലോഷിപ്പ്, സംഗീത നാടക അക്കാദമി പുരസ്കാരങ്ങൾ, ഉസ്താദ് ബിസ്മില്ലാ ഖാൻ യുവ പുരസ്കാരം എന്നിവ പ്രഖ്യാപിച്ചു. പുരസ്കാരത്തിനായി സംഗീതം, നൃത്തം, നാടകം എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ നിന്നുള്ള 108 കലാകാരന്മാരെ തിരഞ്ഞെടുത്തു. ഫെലോഷിപ്പും അവാർഡുകളും പ്രത്യേക ചടങ്ങിൽ രാഷ്ട്രപതി സമ്മാനിക്കും.

## GOVT 12YEARS

കഴിഞ്ഞ 12 വർഷത്തിനിടെ എൻഡിഎ സർക്കാരിന്റെ ഭരണത്തിന് കീഴിൽ രാജ്യത്ത് ശ്രദ്ധേയമായ പരിവർത്തനമാണ് ഉണ്ടായിട്ടുള്ളത്. ഈ കാലയളവിൽ, ദരിദ്രരുടെയും കർഷകരുടെയും സ്ത്രീകളുടെയും യുവാക്കളുടെയും ക്ഷേമത്തിനും ശാക്തീകരണത്തിനുമായി സർക്കാർ നിരവധി സംരംഭങ്ങൾ നടപ്പിലാക്കി. ദരിദ്രരുടെ ക്ഷേമത്തിനും സാമൂഹിക സുരക്ഷ ശക്തിപ്പെടുത്തുന്നതിനും വലിയ പ്രാധാന്യമാണ് നൽകിയിരുന്നത്. പ്രധാനമന്ത്രി ആവാസ് യോജന ഗ്രാമിൻ പ്രകാരം, ഗ്രാമപ്രദേശങ്ങളിലെ സാമ്പത്തികമായി ദുർബലരായ കുടുംബങ്ങൾക്കായി നാല് കോടിയിലധികം വീടുകൾ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന പ്രകാരം രാജ്യത്തുടനീളമുള്ള 81 കോടിയിലധികം

ഗുണഭോക്താക്കൾക്ക് സർക്കാർ സൗജന്യ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്.

## NIPAH

കേരളത്തിൽ കോഴിക്കോട് നിപ രോഗലക്ഷണങ്ങളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ച വ്യക്തിയുടെ സാമ്പിൾ പരിശോധനക്കായി പൂനയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് അയച്ചു. രോഗിയെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഐസൊലേഷൻ വാർഡിലേക്ക് മാറ്റി. കോഴിക്കോട് നടത്തിയ RTPCR പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിൽ ഔദ്യോഗിക സ്ഥിരീകരണത്തിനായാണ് സാമ്പിൾ പൂനയിൽ അയച്ചത്. സംസ്ഥാമത്ത് ജാഗ്രത ശക്തമാക്കിയ്ട്ടുണ്ട്. സ്ഥിതിഗതികൾ വിലയിരുത്തുവാൻ മന്ത്രി .കെ.മുരളീധരൻ ഇന്ന് അടിയന്തിര ഉന്നതതലയോഗം വിളിച്ചിട്ടുണ്ട്. നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് അധികൃതർ വ്യക്തമാക്കി. രോഗിയുമായി സമ്പർക്കം പുലർത്തിയവരോടെല്ലാം ക്വാറന്റൈനിൽ പോകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## RAIN -KERALA

കേരളത്തിൽ വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യത. ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്നും ഇടുക്കി എറണാകുളം, കോട്ടയം ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. 5 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത്, കേരളം - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**WORLD CUP- (INTRO)**

കായികലോകം ആവേശത്തോടെ കാത്തിരിക്കുന്ന ഫിഫ ലോകകപ്പ് ഫുട്ബോളിന് മണിക്കൂറുകൾക്കപ്പുറം കിക്കോഫ്. ചരിത്രത്തിലാദ്യമായി 48 ടീമുകൾ പങ്കെടുക്കുന്ന ഇത്തവണത്തെ ടൂർണമെന്റിന് അമേരിക്ക, മെക്സിക്കോ, കാനഡ എന്നീ രാജ്യങ്ങൾ സംയുക്തമായാണ് ആതിഥേയത്വം വഹിക്കുന്നത്. ഇന്ത്യൻ സമയം ഇന്ന് രാത്രി 10.30-ന് ആരംഭിക്കുന്ന ഉദ്ഘാടന ചടങ്ങിന്റെ ഭാഗമായ കലാപരിപാടികൾ മൂന്നുരാജ്യങ്ങളിലുമായി നടക്കും. മെക്സിക്കോയിലെ ചരിത്രപ്രസിദ്ധമായ എസ്റ്റാഡിയോ ആസ്ടെക്ക സ്റ്റേഡിയത്തിൽ രാത്രി 12:30-ന് ആരംഭിക്കുന്ന ആദ്യ പോരാട്ടത്തിൽ ആതിഥേയരായ മെക്സിക്കോ ദക്ഷിണാഫ്രിക്കയെ നേരിടും.

ഒരു റിപ്പോർട്ട്.......

(വോയ്സ്)

## WORLD CUP- (VOICE)

മാനവികതയുടെ ജീവവായു നിറച്ച കാൽപന്ത് ഭൂഖണ്ഡാതിരുകൾ ഭേദിച്ചു പായുമ്പോൾ, സംഘർഷങ്ങൾ നിറഞ്ഞ ലോകത്തിന് ഇനി പോരാട്ടങ്ങളുടെ വസന്തകാലം.

2022ലെ ഖത്തർ ലോകകപ്പ് മനസ്സിൽ ഒളിമങ്ങാതെ തെളിയുന്നുണ്ട്. ഓർമകളുടെ ചരിത്രം തിരുത്താൻ പുതിയൊരു പോർമുഖം ഇന്ന് അർധരാത്രി തുറക്കുന്നു. ഇനി 39 ദിവസം നീളുന്ന യുദ്ധം. ആകെ 12 ഗ്രൂപ്പുകളിലായി 48 ടീമുകൾ. 104 കളികൾ. ജൂലൈ 19ന് ന്യൂയോർക്കിലെ മെറ്റ്ലൈഫ് സ്റ്റേഡിയത്തിൽ കലാശപ്പോരാട്ടത്തിൽ ലോകം കീഴടക്കുന്നതാരാകും. കിരീടം നിലനിർത്താൻ അർജന്റീനയോ.. ആദ്യ കിരീടത്തിന് പോർച്ചുഗലോ.. വിജയാവർത്തനത്തിന് ഫ്രാൻസോ, റെക്കോഡ് ഭേദിക്കാൻ ബ്രസീലോ, അതോ വീണ്ടും വിസ്മയമായി സ്പെയിനോ.. ചോദ്യങ്ങൾ അനവധിയാണ്. സ്വപ്നങ്ങൾക്കു പല നിറമാണ്. ചിന്തകൾ ഒരേയൊരു പന്തിലേക്കാണ്.

പല കോടി മനംകവരാൻ, ഒരു നൂറു കളംപിടിക്കാൻ,

ഒരോയൊരു കപ്പടിക്കാൻ കരളുറച്ച്, ചുവടുവച്ച് അവരെത്തുന്നു...

മെസിയെന്ന മിശിഹക്കും, ഒരേയൊരു റൊണാൾഡോക്കും, പ്രിയപ്പെട്ട നെയ്മറിനും ഇത് അവസാന ലോകകപ്പാകാം..

പക്ഷേ ഇ◌ൗ പന്തിന്റെ പ്രയാണം നിലക്കുന്നേയില്ല. ഗോൾവലകൾ വരവേൽക്കുന്നു കിലിയൻ എംബാപ്പെയെ, ലാമീൻ യമാലിനെ..

പിന്നെയും പിന്നെയും പുതിയ താരോദയങ്ങളെ..

ആഫ്രിക്കൻ കരുത്തന്മാരെയും, യൂറോപ്യൻ വന്പൻമാരെയും, ലാറ്റിനമേരിക്കൻ ചാരുതയെയും ലോകം നെഞ്ചിലേറ്റുന്പോൾ ഏഷ്യൻ അത്ഭുതങ്ങളെയും കളിക്കളം കാത്തിരിക്കുന്നു. ഒന്നിനേക്കാൾ മറ്റൊന്നു മെച്ചം. വാശിയേറിയ പോരാട്ടങ്ങൾ പുൽപ്പരപ്പുകൾക്കു തീപിടിപ്പിക്കുന്പോൾ ഉറപ്പാണ്.. ഇ◌ൗ ലോകകപ്പ് നമ്മുടെയെല്ലാം ഉറക്കംകെടുത്തും. കാത്തിരുന്നു കാണാം ആര് ലോകം ഭരിക്കുമെന്ന്..

ന്യൂസ് ഡെസ്ക്, ആകാശവാണി.

❋❋❋❋❋❋❋❋❋❋❋❋❋

**SUPPLYCO**

ഫിഫ ലോകകപ്പിനോടനുബന്ധിച്ച് ഉപഭോക്താക്കൾക്കും ഫുട്ബോൾ ആരാധകർക്കുമായി പ്രത്യേക ഓഫർ പ്രഖ്യാപിച്ച് സപ്ലൈകോ. 11 ശബരി ഉൽപ്പന്നങ്ങൾക്ക്, ആകർഷകമായ വിലക്കിഴിവുകൾ ആയിരിക്കും 'സപ്ലൈകോ സോക്കർ ഇലവനിലൂടെ' ജൂൺ 15 മുതൽ നൽകുക.

❋❋❋❋❋❋❋❋❋❋❋❋❋

**RAILWAY SAFETY (INTRO)**

യാത്രക്കാരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സുപ്രധാന ചുവടുവെയ്പ്പുമായി ഇന്ത്യൻ റെയിൽവേ. ഇതിന്റെ ഭാഗമായി രാജ്യവ്യാപകമായി റെയിൽവേ സ്റ്റേഷനുകളിൽ അഗ്നി സുരക്ഷാ ഓഡിറ്റുകൾ ആരംഭിച്ചു.

ഒരു റിപ്പോർട്ട്

## RAILWAY SAFETY (VOICE)

റെയിൽവേ സ്റ്റേഷനുകളിൽ നിലവിലുള്ള അഗ്നി സുരക്ഷാ സംവിധാനങ്ങൾ വിലയിരുത്തുക, യാത്രക്കാരുടെ സുരക്ഷ വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് അഗ്നി സുരക്ഷാ ഓഡിറ്റുകൾ പ്രധാനമായും ലക്ഷ്യമിടുന്നത്. സ്റ്റേഷൻ കെട്ടിടങ്ങൾ, ഇലക്ട്രിക്കൽ ഇൻസ്റ്റാളേഷനുകൾ, എയർ കണ്ടീഷനിംഗ്, വെന്റിലേഷൻ സംവിധാനങ്ങൾ, എമർജൻസി എക്സിറ്റുകൾ, അഗ്നിശമന ഉപകരണങ്ങൾ എന്നിവയുൾപ്പെടെ എല്ലാ നിർണായക സുരക്ഷാ അടിസ്ഥാന സൗകര്യങ്ങളും ഓഡിറ്റിൽ ഉൾപ്പെടുമെന്ന് റെയിൽവേ മന്ത്രാലയം അറിയിച്ചു. തീപിടുത്തങ്ങൾ ഉൾപ്പെടെയുള്ള അടിയന്തര സാഹചര്യങ്ങളോട് ഫലപ്രദമായി പ്രതികരിക്കാൻ റെയിൽവേ സ്റ്റേഷനുകൾ പൂർണ്ണമായും തയ്യാറാണെന്ന് ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം. പരിശോധനയിൽ കണ്ടെത്തുന്ന പോരായ്മകൾ ഉടനടി പരിഹരിക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി

ന്യൂസ്ഡെസ്ക് ആകാശവാണി

## SHIGELLLA

വയനാട് ജില്ലയിൽ അഞ്ച് കുട്ടികൾക്ക് കൂടി ഷിഗെല്ല സ്ഥിരീകരിച്ചു. ഇതോടെ വയനാട്ടിൽ ഷിഗെല്ല ബാധിച്ചവരുടെ എണ്ണം ഏട്ടായി. അതേസമയം, ഷിഗെല്ല വ്യാപനം നിയന്ത്രണ വിധേയമാണെന്ന് ആരോഗ്യ മന്ത്രി കെ.മുരളീധരൻ . സമ്പർക്കത്തിലൂടെ രോഗം പടരുന്നതായി സംശയമുണ്ടെന്നും, ഇത് സംബന്ധിച്ച റിപ്പോർട്ട് ഉടൻ ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## KSRTC

കേരളത്തിൽ കെ എസ് ആർ ടി സി ഓർഡിനറി ബസുകളിൽ ഈ മാസം 15 മുതൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സൗജന്യ യാത്ര അനുവദിച്ചതായി മുഖ്യമന്ത്രി വി ഡി സതീശൻ. പ്രിയദർശിനി എന്ന പേരിലായിരിക്കും പദ്ധതി അറിയപ്പെടുകയെന്നും അദ്ദേഹം പറഞ്ഞു. ഇതിലൂടെയുണ്ടാകുന്ന 800 കോടിയോളം രൂപയുടെ വാർഷിക വരുമാന നഷ്ടം കെ എസ് ആർ ടി സിക്ക് സർക്കാർ നൽകും.